ഏസി.എച്ച്/2021
.11.2021

# പത്രക്കുറിപ്പ്

## ബിരുദ പ്രവേശനം 2021

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുപ്രവേശനം രണ്ടാം ഘട്ട കൗൺസിലിങ് നവംബർ 15 മുതൽ 17 വരെ

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ രണ്ടാം ഘട്ട കൗൺസിലിംങ് നവംബർ 15 മുതൽ 17 വരെ നടത്തുന്നതാണ്. **ആദ്യ ഘട്ടത്തിൽ കോളേജിൽ റിപ്പോർട്ട് ചെയ്തിട്ടും അഡ്മിഷൻ ലഭിക്കാത്തവരും കമ്മ്യൂണിറ്റി ക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട് റാങ്ക് 101 മുതൽ 150 വരെയുളളവരുമാണ് ഈ ഘട്ടത്തിൽ കൗൺസിലിംങ്ങിന് ഹാജരാകേണ്ട ത്.** മേൽ പറഞ്ഞ തീയതികളിൽ രാവിലെ 10.30 ന് അതാത് കോളേജുകളിൽ ഹാജരാകേണ്ട താണ്. ആദ്യ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്തിട്ടും അഡ്മിഷൻ ലഭിക്കാത്തവരെ പരിഗണിച്ചതിനു ശേഷം മാത്രമേ റാങ്ക് 101 മുതൽ 150 വരെയുളളവരെ പരിഗണിക്കുകയുളളു. ആദ്യ ഘട്ടത്തിൽ കൗൺസിലിംങ്ങിന് കോളേജിൽ ഹാജരാകാത്തവരെ വീണ്ടും പരിഗണിക്കുന്നതല്ല. കമ്മ്യൂ ണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകളുടെ വിവരങ്ങളും കോളേജുകളിലെ ഓരോ കോഴ്സുകളു ടെ അഡ്മിഷൻ തീയതിയും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കൗൺസിലിംങ്ങിന് പങ്കെടുത്ത തുകൊണ്ട് മാത്രം സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസി ലിംങ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിലെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട വർക്ക് കൗൺസിലിംങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോ ഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് അനുസരിച്ചാണ് കൗൺസിലിംങ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരായില്ല എങ്കിൽ റാങ്ക്ലിസ്റ്റിലെ അടുത്ത ആളിനെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് ആവശ്യപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്ന വിദ്യാർത്ഥികൾ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെ ങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർത്ഥി നേരിട്ടെത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോ ഹാജരാ ക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസി പ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി .സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. പ്രിൻസി പ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിംങ്ങിൽ നികത്തു ന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

**രജിസ്ട്രാർ**